ഇൻഡസ്ട്രീസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ് (ബി. ഐ. എഫ്. ആർ. തീരുമാനം), ആസ്ട്രാൾ വാച്ചസ് ലിമിറ്റഡ് എന്നീ കമ്പനികളുടെ പ്രവർത്തനം നിർത്തിവച്ചിരിക്കുകയാണ്. കൂടാതെ കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ കീഴിലുള്ള മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ് ലിമിറ്റഡ്, കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനിയുടെ ഒലവക്കോട് യൂണിറ്റ്, കേരള സിറാമിക്സ്-ന്റെ പോർസലൈൻ ഡിവിഷൻ എന്നിവയും പ്രവർത്തന രഹിതമാണ്. കൂടാതെ ചാലക്കുടി റിഫ്രാക്ടറീസ് ലിമിറ്റഡ്, സിഡ്കൽ ടെലിവിഷൻ ലിമിറ്റഡ്, കെൽട്രോൺ പവർ ഡിവൈസസ് ലിമിറ്റഡ് (ബി. ഐ. എഫ്. ആർ. തീരുമാനം) എന്നിവ നേരത്തേ തന്നെ പ്രവർത്തനം നിലച്ചവയാണ്. കേരള സ്പെഷ്യൽ റിഫ്രാക്ടറീസ് ലിമിറ്റഡ് പ്രവർത്തിച്ചു തുടങ്ങിയിരുന്നില്ല.

(സി) പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള മന്ത്രിസഭാ ഉപസമിതിയുടെ തീരുമാനപ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി കേരള ഗാർമെന്റ്സ് ലിമിറ്റഡ്, സ്കൂട്ടേഴ്സ് കേരള ലിമിറ്റഡ്, മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, കേരള സിറാമിക്സ് ലിമിറ്റഡ്, ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് എന്നീ കമ്പനികൾക്ക് പ്രവർത്തന മൂലധനമായും സ്വയം വിരമിച്ച ജീവനക്കാർക്കുള്ള കുടിശ്ശികയിനത്തിലും സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്. അതുവഴി ആർക്കും പുതുതായി തൊഴിൽ ലഭ്യമായിത്തുടങ്ങിയിട്ടില്ല. കൂടാതെ കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷന്റെ ധനകാര്യ സ്ഥാപനങ്ങൾക്ക് നൽകുവാനുണ്ടായിരുന്ന 107 കോടി രൂപയുടെ ബാദ്ധ്യത സർക്കാർ ഏറ്റെടുത്തു.

(ഡി) തുടർച്ചയായി നഷ്ടം വരുത്തിക്കൊണ്ടിരുന്ന ചില പൊതുമേഖലാ സ്ഥാപനങ്ങളിൽ പുനരുദ്ധാരണത്തിന്റെ ഭാഗമായി തൊഴിലാളികളെ ഒരു സാമൂഹ്യ സുരക്ഷാ പദ്ധതിയിൻകീഴിൽ കൊണ്ടുവരികയും അവർക്ക്, സ്വന്തം അപേക്ഷയുടെ അടിസ്ഥാനത്തിൽ വി. ആർ. എസ്. അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച

14 [*145] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളായ കയർ, കശുവണ്ടി, നെയ്ത്ത് എന്നീ മേഖലകളുടെ തകർച്ച സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തകർച്ചയുടെ പ്രധാന കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) ആയത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ഡി) പരമ്പരാഗത വ്യവസായങ്ങൾ ശക്തിപ്പെടുത്തുവാനായി ഒരു മാസ്റ്റർ പ്ലാൻ അടിയന്തിരമായി തയ്യാറാക്കി നടപ്പാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) ഉണ്ട്.

(ബി) കയർ മേഖലയെ സംബന്ധിച്ച് ഉയർന്ന ഉൽപ്പാദന ചെലവ്, ഗുണമേൻമാ കുറവ്, ഉൽപ്പന്നങ്ങളിലെ വൈവിധ്യമില്ലായ്മ, അനുയോജ്യമായ സാങ്കേതിക വിദ്യയുടെ അഭാവം, വിപണി കണ്ടുപിടിക്കുന്നതിനുള്ള വൈദഗ്ധ്യമില്ലായ്മ, യന്ത്രണവൽക്കരണത്തിന്റെ അഭാവം എന്നിവയാണ് ഈ മേഖലയിലെ തകർച്ചയുടെ പ്രധാന കാരണങ്ങൾ.

കശുവണ്ടി വ്യവസായത്തിന്റെ ഗതി നിയന്ത്രിക്കുന്നത് അന്താരാഷ്ട്ര വിപണിയിലെ തോട്ടണ്ടി, പരിപ്പ് എന്നിവയുടെ വിലയെ ആശ്രയിച്ചാണ്. ഫാക്ടറികളുടെ പ്രവർത്തനത്തിന് ആവശ്യമായ തോട്ടണ്ടി പ്രധാനമായും ഇറക്കുമതി ചെയ്യുന്നവയാണ്. പരിപ്പിന്റെ പ്രധാന വിപണി വിദേശ രാജ്യങ്ങളിലുമാണ്. അന്താരാഷ്ട്ര വിപണിയിൽ കശുവണ്ടി പരിപ്പിന് ഉണ്ടായ വിലയിടിവും മറ്റും ആണ് കശുവണ്ടി വ്യവസായത്തിന്റെ തകർച്ചയുടെ പ്രധാന കാരണം.

കൈത്തറി മേഖലയിൽ കുറഞ്ഞ കൂലി നിലനിൽക്കുന്നതിനാൽ നെയ്ത്തുകാർ ഈ മേഖല വിട്ടുപോകുന്നു. പരമ്പരാഗത നെയ്ത്ത് രീതിയിൽ നിന്നും മാറാൻ നല്ലൊരു ശതമാനം തയ്യാറാകുന്നില്ല. ഉയർന്ന ഉത്പാദന ചെലവ്, മിൽ, പവർലൂം തുണികളിൽ നിന്നുള്ള മൽസരം, ധനകാര്യ സ്ഥാപനങ്ങൾക്ക് നൽകേണ്ടിവരുന്ന അമിത പലിശ, മൂലധന സ്വരൂപണത്തിൽ നേരിടുന്ന പ്രയാസം എന്നിവയാണ് ഈ മേഖലയിലെ തകർച്ചയുടെ പ്രധാന കാരണങ്ങൾ.

(സി) കയർ മേഖലയുടെ തകർച്ച പരിഹരിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു. †

കശുവണ്ടി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ മുൻകാല ബാങ്ക് കടബാധ്യതയായ 107.57 കോടി രൂപ പലിശ സഹിതം 5 വാർഷിക ഗഡുക്കളായി കൊടുത്ത് തീർക്കാൻ തീരുമാനിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ 2 ഗഡു തുക നൽകുകയും ഫാക്ടറികൾ തുറന്ന് തൊഴിലാളികൾക്കു തുടർച്ചയായി ജോലി നൽകി വരുകയുമാണ്.

കാപ്പെക്സിന്റെ മുൻകാല ബാധ്യതയായ 245 ലക്ഷം രൂപ സർക്കാർ ഏറ്റെടുക്കുകയും 3/2002—300 ലക്ഷം രൂപ, 12/2002—150 ലക്ഷം രൂപ, 3/2004—200 ലക്ഷം രൂപ എന്നീ ക്രമത്തിൽ തുകകൾ നൽകുകയും ചെയ്തിട്ടുണ്ട്. ഈ വർഷം 150 ലക്ഷം രൂപ മാർജിൻ മണിയായും നൽകിയിട്ടുണ്ട്. 2004-ൽ 136 തൊഴിൽ ദിനങ്ങളും 2005-ൽ 176 തൊഴിൽ ദിനങ്ങളും കാപ്പെക്സ് നൽകിയിട്ടുണ്ട്. ഇപ്പോൾ തുടർച്ചയായി ജോലി നടന്ന് വരികയുമാണ്. കൂടാതെ കൊല്ലം ജില്ലയിലെ സഹകരണ മേഖലയിൽ പൂട്ടിക്കിടക്കുന്നതും നഷ്ടത്തിൽ പ്രവർത്തിക്കുന്നതുമായ ഫാക്ടറി ഉടമകളെ ഒന്നിപ്പിച്ച് കൊണ്ടുവന്ന് ഒരു ക്ലസ്റ്റർ രൂപീകരിച്ച് അവയുടെ പ്രവർത്തനം പുനരാരംഭിക്കുവാനും ലാഭകരമാക്കുവാനും

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

വേണ്ട നടപടികൾ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി പ്രസ്തുത ക്ലസ്റ്റർ കമ്പനിയിലെ അംഗങ്ങൾക്ക് എതിരെയുള്ള റവന്യൂ റിക്കവറി നിർത്തിവയ്ക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവ കൂടാതെ താഴെ പറയുന്ന നടപടികളും സ്വീകരിച്ചുവരുന്നു :

1. കശുവണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുക.
2. കശുമാവ് കൃഷിക്ക് പ്ലാന്റേഷൻ സ്റ്റാറ്റസ് നൽകുക.
3. കശുവണ്ടിയിൽ നിന്നു വാല്യൂ ആഡഡ് ഉൽപ്പന്നങ്ങൾ ഉണ്ടാക്കുക.
4. അന്താരാഷ്ട്ര വിപണിയിൽ ഇൻഡ്യൻ കശുവണ്ടി പരിപ്പിന് വേണ്ടത്ര പ്രചാരം നൽകുക.
5. സർക്കാർ സ്ഥാപനങ്ങളായ കശുവണ്ടി വികസന കോർപ്പറേഷനെയും കാപ്പെക്സിനെയും അന്താരാഷ്ട്ര നിലവാരമുള്ള സ്ഥാപനങ്ങളാക്കി മാറ്റുക.

കൈത്തറി മേഖലയിലെ തകർച്ച പരിഹരിക്കുന്നതിനായി ദീൻ ദയാൽ ഹാൻഡ്ലൂം പ്രോത്സാഹൻ യോജന, ഇന്റഗ്രേറ്റഡ് ഹാന്റ്ലൂം ട്രെയിനിംഗ് പ്രോഗ്രാം, തറികളുടെ നവീകരണം, പുതിയ ഡിസൈനുകളുടെ ആവിഷ്കരണം, റിബേറ്റ്, മാർക്കറ്റിംഗ് ഇൻസെന്റീവ്, കയറ്റുമതിക്കുള്ള സഹായങ്ങൾ തുടങ്ങിയ പദ്ധതികൾ നടപ്പാക്കി വരുന്നു. കൂടാതെ ഒറ്റത്തറിക്കാരെ ലക്ഷ്യമാക്കി എസ്. ജി. എസ്. വൈ. പദ്ധതിയിൽ പുതിയ പ്രോജക്ടുകളും നടപ്പാക്കിവരുന്നു.

(ഡി) പരമ്പരാഗത വ്യവസായങ്ങൾ ശക്തിപ്പെടുത്തുന്നതിനായി അതാത് മേഖലകളിൽ പ്രവർത്തിക്കുന്ന രാഷ്ട്രീയ പ്രതിനിധികൾ ട്രേഡ് യൂണിയൻ പ്രതിനിധികൾ എന്നിവർ സംയുക്തമായി ചർച്ച ചെയ്ത് പ്രധാനപ്പെട്ട കാര്യങ്ങളിൽ ശുപാർശ കിട്ടിയിട്ടുണ്ട്. ഇതിനും പുറമേ കയർ മേഖലയെ സംബന്ധിച്ച് IRMA, ഫെർഗൂസൻ തുടങ്ങിയ പല സ്ഥാപനങ്ങളും സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചു വരുന്നു.

അനധികൃത അറവുശാല നിയന്ത്രിക്കാൻ നടപടി

15 [*146] ശ്രീ. കോവൂർ കുഞ്ഞുമോൻ:

,, എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉടനീളം അനധികൃത കശാപ്പുശാലകൾ പ്രവർത്തിക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതുമൂലം ജനങ്ങൾക്കുണ്ടാകുന്ന പ്രയാസങ്ങൾക്ക് പരിഹാരം കാണാൻ പഞ്ചായത്ത് അടിസ്ഥാനത്തിൽ അറവുശാല അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) അനധികൃതമായി പൊതു നിരത്തുകളിലും ജനബാഹുല്യമുള്ള സ്ഥലങ്ങളിലും കശാപ്പ് നടത്തുന്നത് കർശനമായി നിരോധിക്കുവാൻ നടപടി കൈക്കൊള്ളുമോ ?

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം—VII

16-2-2006-ലെ നക്ഷത്രചിഹ്നമിട്ട 14 [145]-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക

പരമ്പരാഗത കയർ വ്യവസായത്തെ തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിന് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. വിപണിയിൽ കെട്ടിക്കിടക്കുന്ന കയറും കയറുൽപ്പന്നങ്ങളും വിറ്റഴിക്കുന്നതിന് കയർ കോർപ്പറേഷൻ വഴിയും കയർ ഫെഡ് വഴിയും ഡിസ്ട്രസ് പർച്ചയ്സ് പദ്ധതി നടപ്പിലാക്കിവരുന്നു. എട്ട് കോടി രൂപയുടെ റിവോൾവിങ്ങ് ഫണ്ട് ഇതിനായി ഉപയോഗപ്പെടുത്തുന്നുണ്ട്.

2. പീഡിതവും നിഷ്ക്രിയവുമായ കയർ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് ധനസഹായം നൽകുന്നു.

3. കയറിനും കയറുൽപ്പന്നങ്ങൾക്കും പുതിയ വിപണി കണ്ടെത്തുന്നതിനും വിപണനത്തിന് പ്രൊഫഷൻ രീതി അവലംബിക്കുന്നതിനുമായി കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ വിപണി വികസന സഹായം (എം.ഡി.എ.) സംഘങ്ങൾക്കും കയർ ഫെഡിനും പൊതുമേഖലാ സ്ഥാപനങ്ങളായ കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡ് എന്നിവയ്ക്കും നൽകിവരുന്നു.

4. ആഗോളതലത്തിലുള്ള ആവശ്യകതയ്ക്ക് അനുസൃതമായി ഗുണമേന്മയും വൈവിധ്യമുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് കയർ വ്യവസായത്തിൽ നിയന്ത്രിത യന്ത്രവൽക്കരണം നടപ്പിലാക്കുന്നുണ്ട്.

5. കയർ ഉൽപ്പാദന മേഖലയിൽ സാങ്കേതിക വിദ്യ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ¼ HP മോട്ടോർ ഘടിപ്പിച്ച പരമ്പരാഗത റാട്ടുകളിൽ വനിതാ തൊഴിലാളികൾക്ക് പരിശീലനം നൽകുന്നുണ്ട്. പരിശീലനം സിദ്ധിച്ച തൊഴിലാളികളുടെ സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ്വഴി റാട്ടുകൾ വിതരണം ചെയ്തുവരുന്നു. കൂടാതെ പണിശാല നിർമ്മിക്കുന്നതിന് ധനസഹായവും അത്യാവശ്യം പ്രവർത്തന മൂലധനവും നൽകുന്നു.

6. ചകിരിനാരിന്റെ ദൗർലഭ്യം കണക്കിലെടുത്തുകൊണ്ട് അതിന്റെ കൂടുതൽ ലഭ്യതയ്ക്കുവേണ്ടി യന്ത്രവൽക്കൃത ചകിരി മില്ലുകൾ സ്ഥാപിക്കുന്ന സഹകാര്യ സംരംഭകർക്ക് അവയുടെ സ്ഥിര മൂലധന നിക്ഷേപത്തിന്റെ 50% തുക (പരമാവധി 10 ലക്ഷം രൂപ വരെ) സബ്സിഡിയായി നൽകുന്ന ഒരു പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

7. ചകിരി ദൗർലഭ്യം പരിഹരിക്കുന്നതിനായി കയർ സഹകരണ സംഘങ്ങളുടെ അപ്പക്സ് സംഘമായ കയർഫെഡിന് ഒരു റോമെറ്റീരിയൽ ബാങ്ക് സ്ഥാപിക്കുന്നതിനായി 2003-04-ൽ 100 ലക്ഷം രൂപയും 2004-05-ൽ 100 ലക്ഷം രൂപയും കയർ കോർപ്പറേഷന് 50 ലക്ഷം രൂപയും നൽകുകയുണ്ടായി.

8. ആവശ്യമെങ്കിൽ ചകിരി ഇറക്കുമതി ചെയ്യുന്നതിന് പൊതുമേഖലാ സ്ഥാപനമായ ഫോം മാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഒരു റോമെറ്റീരിയൽ ബാങ്ക് സ്ഥാപിക്കുന്നതിനായി 100 ലക്ഷം രൂപ ഫോം മാറ്റിംഗ്സിന് അനുവദിച്ചു നൽകിയിട്ടുണ്ട്. കയർ വ്യവസായത്തിന് ആവശ്യമായ ചകിരി നൽകുന്നതിന് ഫോം മാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡും കയർ ഫെഡും കയർ കോർപ്പറേഷനും നടപടി സ്വീകരിച്ചിട്ടുണ്ട്.

9. കയർ സാങ്കേതികവിദ്യയിൽ ഗവേഷണവും വികസനവും നടത്തുന്നതിനായി ഒരു ദേശീയ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (NCRMI) പ്രാരംഭ പ്രവർത്തനങ്ങൾക്ക് നടപടികൾ ആരംഭിച്ചുകഴിഞ്ഞു. കേരളത്തിലെ കയറിനും ഉൽപ്പന്നങ്ങൾക്കും ഒരു Brand Image നൽകുവാൻ ഉതകുന്ന പരിപാടി നടപ്പിലാക്കാൻ 40 ലക്ഷം രൂപയും കയർ ഉൽപ്പാദനരംഗത്തെ യന്ത്രങ്ങൾ നവീകരിക്കാൻ 30 ലക്ഷം രൂപയും NCRMI-യ്ക്ക് നൽകിയിട്ടുണ്ട്.

10. കയർ വ്യവസായത്തിൽ കയർ ഭൂവസ്ത്ര വികസനം ഒരു ഉന്നത മേഖലയായി കണക്കാക്കി കയർ ഭൂവസ്ത്ര സംയോജിത പദ്ധതിയിൽ പൈലറ്റ് പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് സാമ്പത്തിക സഹായം നൽകിവരുന്നു.

11. പിത്ത് യൂട്ടിലൈസേഷൻ പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് 30% പ്രത്യേക സ്ഥിര മൂലധന നിക്ഷേപ സബ്സിഡിയായി പരമാവധി 30 ലക്ഷം രൂപ വരെ നൽകിവരുന്നു.

12. കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും ആഭ്യന്തര വിപണി വികസിപ്പിക്കുന്നതിനുള്ള പഠനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

13. കമ്പോളത്തിലെ ആവശ്യത്തിനനുസൃതമായ ഉൽപ്പന്നങ്ങൾ ഡിസൈൻ ചെയ്യാൻ കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈൻ സെന്ററുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സോഫ്റ്റ്വെയറുള്ള കമ്പ്യൂട്ടറുകൾ സ്ഥാപിക്കുന്നതിന് സംഘങ്ങൾക്ക് ധനസഹായം നൽകിവരുന്നു.

14. കയറുൽപ്പന്നങ്ങളുടെ ആഭ്യന്തര, വിദേശ വിപണി മെച്ചപ്പെടുത്തുന്നതിനായി രാജ്യത്തെ പ്രധാന നഗരങ്ങളിൽ വ്യാപാരമേളകളിലും പ്രദർശനങ്ങളിലും പങ്കെടുക്കുന്നതിന് സഹകരണ സംഘങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും അപ്പക്സ് സംഘത്തിനും ധനസഹായം നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

15. ആലപ്പുഴയിലും കൊല്ലത്തും മാതൃകാ കയർ ഗ്രാമങ്ങൾ സ്ഥാപിക്കുന്നതിന് 58 ലക്ഷം രൂപ 2004-05, 2005-06 എന്നീ സാമ്പത്തിക വർഷങ്ങളിൽ അനുവദിക്കുകയുണ്ടായി.

16. ആലപ്പുഴ കയർ വ്യവസായത്തിന്റെ പശ്ചാത്തല വികസനത്തിനായി സംസ്ഥാന ഗവൺമെന്റും കയർ ബോർഡും ചേർന്ന് നൽകിയ പദ്ധതിയായ ആലപ്പി കയർ ക്ലസ്റ്റർ പദ്ധതി നടപ്പിലാക്കാൻ 56.8 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര സർക്കാർ അംഗീകരിക്കുകയും 14.2 കോടി രൂപ 2004-05 സാമ്പത്തിക വർഷം വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. തൊണ്ടിൽ നിന്നും ചകിരി വേർതിരിക്കൽ പ്ലാന്റ്, കയർ ഉൽപ്പാദന യൂണിറ്റുകൾ, കയർ മാറ്റിംഗ് യൂണിറ്റുകൾ, കയർ ഭൂവസ്ത്ര വികസനം, കയർ പിത്ത് സംസ്കരണ യൂണിറ്റുകൾ, കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകൾ, മലിനീകരണ സംസ്കരണ പ്ലാന്റ് തുടങ്ങിയവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

17. തൊഴിലില്ലാത്ത വനിതാ കയർ തൊഴിലാളികൾക്ക് കയർ പിരിക്കുന്നതിൽ പരിശീലനം നൽകാനും മഹിളാ കയർ യോജന പദ്ധതി പ്രകാരം റാട്ടുകൾ സൗജന്യമായി നൽകാനും നടപടികൾ പൂർത്തീകരിച്ചുവരുന്നു. ഈ വർഷം 18000 പേർക്ക് റാട്ടുകൾ സൗജന്യമായി ലഭിക്കും. ട്രെയിനിങ്ങ് ലഭിച്ചവരെ അടുത്ത വർഷം സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുമ്പോൾ ഉൾപ്പെടുത്തി സ്വയംതൊഴിൽ കണ്ടെത്താനും സഹായിക്കും.

LIBRARY ARCHIVES Kerala Legislative Assembly